<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898</u> <u>09-10-2024 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹികമായും പിൻതള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ ഉന്നമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹികമായും പിൻതള്ളപ്പെട്ടുപോയ വിവിധ വിഭാഗങ്ങളുടെ വികസന പരിപാടികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹികവുമായ പിന്തള്ളപ്പെട്ടുപോയ വിവിധ വിഭാഗങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>വിദ്യാഭ്യാസം</u><br><br>• പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.<br>• പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം.<br>• പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>• ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് .<br>• ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്<br>• വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് .<br>•<br><u>നൈപുണ്യ വികസനം, തൊഴിൽ, സംരംഭകത്വം</u><br>• തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം<br>• പട്ടികജാതി യുവാക്കൾക്ക് എംപവർമെന്റ് സൊസൈറ്റികൾ<br><br><u>സാമൂഹിക മേഖലയിലെ ഇടപെടലുകൾ</u> |

| | | | |
|---|---|---|---|
| | | | • ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി.<br>• ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച ഭവനങ്ങളുടെ നവീകരണം.<br>• പഠനമുറികളുടെ നിർമ്മാണം.<br>• പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.<br>• ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ).<br>• പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.<br>• ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി.<br>• ആരോഗ്യ പരിരക്ഷാ പദ്ധതി.<br><br><u>മറ്റ് പദ്ധതികൾ</u><br><br>• പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കായി പൂൾഡ് ഫണ്ട് .<br>• പട്ടികജാതി വികസന വകുപ്പിലെ ആധുനികവൽക്കരണവും ഇ-ഗവേണൻസ് സംരംഭങ്ങളും .<br>• പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി).<br>• കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള ഓഹരി മൂലധന വിഹിതം.<br>• പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50% സംസ്ഥാന വിഹിതം) . |
| (ബി) | പ്രസ്തുത പദ്ധതികളിൽ അതിദരിദ്ര സർവ്വേയിൽ കണ്ടെത്തിയിട്ടുള്ള പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതികളിൽ അതിദരിദ്ര സർവ്വേയിൽ കണ്ടെത്തിയിട്ടുള്ള പട്ടികവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം.<br>2. ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി .<br>3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.<br>4. ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) .<br>5. ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച ഭവനങ്ങളുടെ |

| | | | |
|---|---|---|---|
| | | | നവീകരണം, പഠനമുറികളുടെ നിർമ്മാണം.<br><br>ഇവ കൂടാതെ അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയയിലൂടെ കണ്ടെത്തിയ അതിദരിദ്രർക്കായി തയ്യാറാക്കി നടപ്പിലാക്കുന്ന മൈക്രോ പ്ലാനുകൾക്കായി വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ഫണ്ടിൽ കുറവ് വരുന്നപക്ഷം പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് പദ്ധതിയിൽനിന്ന് വിടവ് നികത്താവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളായ വനിതകൾക്ക് മുൻഗണന നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ശതമാനം വനിതകൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ, അർഹരായ വനിതകൾക്ക് മുൻഗണന നൽകിയാണ് നടപ്പിലാക്കുന്നത്.<br><br>വനിതകൾക്ക്/പെൺകുട്ടികൾക്ക് പ്രത്യേകമായി പോസ്റ്റ്/പ്രീ-മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (MRS), വാത്സല്യ നിധി തുടങ്ങിയ പദ്ധതികളും വകുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ